**കേരള സർക്കാർ**

നം.22630/ഡിഎ1/ 2014/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്,
തിരുവനന്തപുരം, തീയതി :01.04.2014.

## സർക്കുലർ

വിഷയം:-തദ്ദേശസ്വയംഭരണ വകുപ്പ്-കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി) - പാരിസ്ഥിതിക ഓഡിറ്റിന്റെ (Environmental Audit)നടത്തിപ്പ്-തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :-1)കെ.എൽ.ജി.എസ്.ഡി.പി. യുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ മാന്വൽ സ.ഉ(സാധാ)നമ്പർ 1055/2011/തസ്വഭവ 23.04.2011.
2)കെ.എൽ.ജി.എസ്.ഡി.പി.യുടെ പാരിസ്ഥിതിക-സാമൂഹിക പരിപാലന ക്രമം (Environmental and Social Management Framework-ESMF).

കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ (കെ.എൽ.ജി.എസ്.ഡി.പി) പ്രോജക്ട് ഇംപ്ലിമെന്റേഷൻ മാന്വലും പാരിസ്ഥിതിക-സാമൂഹിക പരിപാലനക്രമവും (ESMF) പദ്ധതിയ്ക്ക് രണ്ട് പാരിസ്ഥിതിക, സാമൂഹിക ഓഡിറ്റുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ഒന്ന് പദ്ധതിയുടെ മധ്യഘട്ടത്തിലും മറ്റൊന്ന് പദ്ധതിയുടെ അവസാന ഘട്ടത്തിലും. പുറമേ നിന്നുള്ള ഒരു സ്വതന്ത്ര സ്ഥാപനമാണ് പ്രസ്തുത ഓഡിറ്റ് നടത്തേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന വിലയിരുത്തലിന്റെ ഭാഗമായി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ആയിരിക്കും മധ്യകാല പാരിസ്ഥിതിക ഓഡിറ്റ് (Mid-Term Environmental Audit) നടപ്പിലാക്കുക. കെ.എൽ.ജി.എസ്.ഡി.പി വിഭാവനം ചെയ്തു നടപ്പിലാക്കിയ ESMF-ൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ശരിയായ നിർവ്വഹണം വിലയിരുത്തുകയാണ് മധ്യകാല പാരിസ്ഥിതിക ഓഡിറ്റിന്റെ ഉദ്ദേശലക്ഷ്യം.

പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് 2011-12, 2012-13 കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ ആകെ പദ്ധതിയുടെ 15% പദ്ധതികളിൽ ആയിരിക്കും മധ്യകാല പാരിസ്ഥിതിക ഓഡിറ്റ് നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം പ്രോജക്ട് മാനേജ്മെന്റ്

യൂണിറ്റ് നേരിട്ട് നൽകുന്നതാണ്. ഈ സാഹചര്യത്തിൽ സർക്കാർ താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പദ്ധതികളിൽ തിരഞ്ഞെടുക്കപ്പെട്ട 15% പദ്ധതികളിലായിരിക്കും പാരിസ്ഥിതിക ഓഡിറ്റ് നടത്തുന്നത്. എല്ലാ ജില്ലകളെയും ഉൾപ്പെടുത്തിക്കൊണ്ട് തിരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധ മേഖലകളിൽപ്പെടുന്ന പദ്ധതികളിലാണ് പാരിസ്ഥിതിക ഓഡിറ്റ് നടത്തുക.

2. സർക്കാർ അംഗീകരിച്ച ഒരു സ്വതന്ത്ര സ്ഥാപനമായിരിക്കും പാരിസ്ഥിതിക ഓഡിറ്റ് നടത്തുന്നത്. സമയബന്ധിതമായി പാരിസ്ഥിതിക ഓഡിറ്റ് പൂർത്തിയാക്കുന്ന തിനായി സംസ്ഥാനത്തെ നാല് സോണുകളായി തിരിച്ചിരിക്കുന്നു. എല്ലാ സോണുകളിലും പാരിസ്ഥിതിക ഓഡിറ്റ് സമാന്തരമായി നടക്കുന്നതാണ്.

3. പാരിസ്ഥിതിക ഓഡിറ്റിന് തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഡിറ്റിന്റെ രീതിശാസ്ത്രവും പ്രക്രിയയും (Methodology & Process) പരിചയപ്പെടുത്തുന്നതിനുള്ള പരിശീലനം 2014 ഏപ്രിൽ മാസത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് നേരിട്ട് നൽകുന്നതാണ്. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ എന്നീ തസ്തികകളിലുള്ളവർ പരിശിലനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

4. ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ കെ.എൽ.ജി.എസ്.ഡി.പി.യുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുടർന്ന് നൽകുന്നതാണ്. പാരിസ്ഥിതിക ഓഡിറ്റിന്റെ ഫലപ്രദമായ നടത്തിപ്പിന് വേണ്ട എല്ലാ സഹകരണങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

രാജൻ ഖോബ്രാഗഡെ,
സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ് , തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ് , തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ഗ്രാമപഞ്ചായത്ത്, സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും.
പ്രോജക്ട് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി.
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.